# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **104** | **28.11.2018- ൽ** മറുപടിയ്ക്ക്

## നോർക്ക സംരംഭക വായ്പ പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | തിരികെ വന്ന പ്രവാസികൾക്കായുള്ള നോർക്കയുടെ സംരംഭക വായ്പ പദ്ധതിയിൽ സ്വീകരിച്ച അപേക്ഷയുടെ എണ്ണം എത്രയാണെന്നും അതിൽ വായ്പ ഉപയോഗപ്പെടുത്തി ആരംഭിച്ച സംരംഭങ്ങൾ എത്രയാണെന്നും അറിയിക്കാമോ: | എ) | തിരികെ വന്ന പ്രവാസികൾക്കായുള്ള നോർക്കയുടെ സംരംഭക പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 64610 അപേക്ഷകരിൽ ട്രെയിനിംഗ്/സ്ക്രീനിംഗ് എന്നിവ പൂർത്തിയാക്കി ബാങ്കിൽ നിന്നും 2291 പേർക്ക് വായ്പ ലഭ്യമാക്കുകയും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രവാസികൾക്കായുള്ള നോർക്ക സംരംഭക വായ്പ പദ്ധതി പ്രകാരം ചെറുകിട പദ്ധതികൾക്ക് അനുവദിക്കപ്പെടുന്ന വായ്പകളിൽ ബാങ്കുകളിൽ ഈട് ആവശ്യപ്പെടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ബി) | പ്രസ്തുത പദ്ധതി മുഖാന്തിരം വായ്പ അനുവദിക്കുന്നത് പൂർണ്ണമായും ബാങ്കുകളുടെ ചട്ടങ്ങൾക്കും വായ്പാനയങ്ങൾക്കും വിധേയമായാണ്. വായ്പകൾക്ക് ഈട് ആവശ്യപ്പെടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശം ഒന്നും നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**